"ഭരണ ഭാഷാ മാതൃഭാഷ"
ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം) ആലപ്പുഴ
കൊട്ടാരം ബിൽഡിംഗ്,ജനറൽ ആശുപത്രി പരിസരം, ആലപ്പുഴ - 688011
Ph: 0477-2251650, 0477-2252329 Email: dmohalppy@yahoo.co.in

DMOH-ALP/1384/2024-A6

തീയതി.21-06-2024

## കാരണം കാണിക്കൽ നോട്ടീസ്

ബുധനൂർ കുടുംബാരോഗ്യ കേന്ദ്രത്തിലെ ഫാർമസിസ്റ്റായ ശ്രീ.മനുചന്ദ്രൻ എന്ന താങ്കൾ പതിവായി കടബാദ്ധ്യത വരുത്തിയതിനെ തുടർന്ന് ഇവിടെനിന്നും അച്ചടക്ക നടപടികൾ ആരംഭിച്ചിരുന്നു. അതിന്റെ ഭാഗമായി അന്വേഷണത്തിനായി ഹാജരാകവാൻ നിർദ്ദേശം നൽകിയിരുന്നെങ്കിലും താങ്കൾ ഹാജരാകുകയുണ്ടായില്ല. ഇപ്പോൾ താങ്കൾ അനധികൃതമായി ഹാജരാകാതിരിക്കുന്നതായി സ്ഥാപനമേധാവി റിപ്പോർട്ട് ചെയ്തിരിക്കുന്നു. നിലവിൽ അച്ചടക്കനടപടി നേരിട്ട് വരവെ വീണ്ടും ഗുരുതര അച്ചടക്ക ലംഘനമാണ് താങ്കളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്.

മേൽപ്പറഞ്ഞ കാരണത്താൽ 1958 ലെ കേരളാ സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

ടി തീരുമാനത്തിനെതിരെ താങ്കൾക്കെന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. അത് സംബന്ധിച്ച പ്രതിവാദ പത്രികയോ, വിശദീകരണമോ മേൽപ്പറഞ്ഞ കാലയളവിനുള്ളിൽ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഈ കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Signed by
Dr. Jamuna Varghese
Date: 21-06-2024 14:15:33
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)

ആലപ്പുഴ

സ്വീകർത്താവ് :- ശ്രീ. മനു ചന്ദ്രൻ, ഫാർമസിസ്റ്റ്,
കുടുംബാരോഗ്യ കേന്ദ്രം, ബുധനൂർ.
(സ്ഥാപനമേലധികാരി മുഖാന്തരം)

പകർപ്പ് :- മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, ബുധനൂർ.